**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1731** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഗിഗ് തൊഴിലാളികൾക്ക് വിശ്രമ മുറികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. നീലകണ്ഠൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഗിഗ് തൊഴിലാളികൾക്ക് വിശ്രമ മുറികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഗിഗ് തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത് സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പദ്ധതികളിൽ ഒന്നാണ് .

ആദ്യഘട്ടം എന്ന നിലയിൽ ഗിഗ് തൊഴിലാളികൾക്കായി വിശ്രമ കേന്ദ്രങ്ങൾ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 23.09.2026 തീയതി മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

വിശ്രമ കേന്ദ്രം ദിവസേന രാവിലെ 8 മണി മുതൽ രാത്രി 10 മണി വരെയാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഒരേസമയം 50 തൊഴിലാളികൾക്ക് വിശ്രമിക്കാനാകുന്ന വിധത്തിലാണ് ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിശ്രമ കേന്ദ്രത്തിലും ഇരിപ്പിടങ്ങൾ, മൊബൈൽ ചാർജിങ് സൗകര്യം, ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ശൗചാലയങ്ങൾ, പ്രഥമ ശുശ്രൂഷ സൗകര്യം, ടെലിവിഷൻ, സിസിടിവി നിരീക്ഷണ സംവിധാനം, ഡിജിറ്റൽ ഹെല്പ് ഡെസ്ക് എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**(ബി)** ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ആദ്യഘട്ടം എന്ന നിലയിൽ ഗിഗ് തൊഴിലാളികൾക്കായി വിശ്രമ കേന്ദ്രങ്ങൾ നിലവിൽ തിരുവനന്തപുരം ,എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 23.09.2026 തീയതി മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**(സി)** ഗിഗ് മേഖല ഇന്ന് സംസ്ഥാനത്തെ ഒരു പ്രധാന തൊഴിൽ സംവിധാനം ആയതിനാലും തൊഴിലാളികൾക്ക് മതിയായ തൊഴിൽ സുരക്ഷയും വിശ്രമത്തിനുള്ള ഇടവും ഒരുക്കേണ്ടത് ആവശ്യമായതിനാലും പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുമോ എന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** ഗിഗ് തൊഴിലാളികൾക്കായുള്ള വിശ്രമകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനും കൂടാതെ നഗരങ്ങളിൽ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആലോചനയുണ്ട്.

**സെക്ഷൻ ഓഫീസർ**